# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

### തദ്ദേശഭരണ സ്ഥാപനങ്ങളിലെ വാർഡ് വിഭജനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : *123 10.02.2020- ൽ മറുപടി പറയേണ്ടത്

| ചോദ്യം<br>ശ്രീമതി ഷാനിമോൾ ഉസ്മാൻ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ.സണ്ണി ജോസഫ് | | മറുപടി<br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഡുകളുടെ എണ്ണം കൂട്ടുന്നതിനുള്ള നിയമ ഭേദഗതിക്ക് ഓർഡിനൻസ് പുറപ്പെടുവിക്കാൻ മന്ത്രിസഭ ഗവർണറോട് ശിപാർശ ചെയ്തിരുന്നോ; | (എ) | 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 6-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പ്, 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് 6-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പ് എന്നിവ ഭേദഗതി ചെയ്ത് ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനായി മന്ത്രിസഭ ഗവർണ്ണറോട് ശിപാർശ ചെയ്തിരുന്നു. |
| (ബി) | പ്രസ്തുത ഓർഡിനൻസിന് ഗവർണർ അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇല്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് എന്നിവ ഭേദഗതി ചെയ്യുന്നതിനുള്ള ബിൽ നിയമസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച സാഹചര്യത്തിൽ ഗവർണ്ണർ ഫയൽ തിരികെ നൽകിയിരിക്കുകയാണ്. |
| (സി) | 2021-ൽ സെൻസസ് നടക്കാനിരിക്കെ 2019 ഡിസംബർ 31-ന് ശേഷം വാർഡ് വിഭജനം പോലുള്ള ഭരണപരമായ മാറ്റങ്ങൾ നടത്തരുതെന്ന് കേന്ദ്രം നിർദ്ദേശിച്ചിരുന്നോ; എങ്കിൽ അത്തരം ഒരു നിർദ്ദേശം നിലവിലിരിക്കെ ജനുവരി 1-ന് ശേഷം അതിനായി ഒരു | (സി) | സെൻസസിനുള്ള അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റുകളുടെ (മുനിസിപ്പാലിറ്റികൾ, റവന്യൂ വില്ലേജുകൾ, താലൂക്കുകൾ, സബ് ഡിവിഷനുകൾ, ജില്ലകൾ) അതിരുകളിൽ 31/12/2019-നു ശേഷം മാറ്റം വരുത്തരുത് എന്ന് Registrar General and Census Commissioner of India നിർദ്ദേശിച്ചിട്ടുണ്ട്. സെൻസസ് റൂളിലെ വ്യവസ്ഥകൾ അനുസരിച്ച് Administrative Boundaries |

| | | | |
|---|---|---|---|
| | ഓർഡിനൻസ് പുറപ്പെടുവിക്കാൻ തീരുമാനിച്ചത് ഏത് സാഹചര്യത്തിലാണ്; | | എന്നത്കൊണ്ട് ജില്ലകൾ, താലൂക്കുകൾ, ടൗണുകൾ അല്ലെങ്കിൽ അതുപോലുള്ള സമാനമായ അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റുകൾ എന്നിവയാണ് ഉദ്ദേശിച്ചിരിക്കുന്നത്. |
| (ഡി) | പ്രസ്തുത ഓർഡിനൻസ് സംബന്ധിച്ച് ഗവർണർ എന്തെങ്കിലും വിശദീകരണം ആരാഞ്ഞിരുന്നോ; എങ്കിൽ എന്ത് വിശദീകരണമാണ് നൽകിയതെന്ന് അറിയിക്കാമോ? | (ഡി) | ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയോജകമണ്ഡലങ്ങൾ വർദ്ധിപ്പിക്കുന്നതുകൊണ്ട് അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റുകളായ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തിയിൽ മാറ്റം ഉണ്ടാവുകയില്ലെന്ന വിശദീകരണമാണ് നൽകിയത്. |

സെക്ഷൻ ഓഫീസർ